(ബി) ഈ മൂന്ന് പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇതിൽ ഏതെങ്കിലും പ്രവൃത്തി നബാർഡിന്റെ ധനസഹായത്തോടെയുള്ള മരാമത്ത് പണികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഓരോ പ്രവൃത്തികളെ സംബന്ധിച്ചും കൈക്കൊണ്ടിട്ടുള്ള തുടർനടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) പാണപ്പുഴ പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. പുതിയപുഴപ്പാലം, തോട്ടംകടവു പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

(ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) പുതിയപുഴപ്പാലം, തോട്ടംകടവുപാലം എന്നിവ നബാർഡ് സഹായത്തോടെയുള്ള പണികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാണപ്പുഴപ്പാലം

ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുതിയപുഴപ്പാലം ആന്റ് തോട്ടംകടവ് പാലം

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പാലത്തിന്റെ നിർമ്മാണാവസ്ഥ

49 [1459] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വെള്ളിക്കൈപ്പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; പാലംപണി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരും കോൺട്രാക്ടറും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം പണി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആന്റ് (ബി) 28-2-2001-ൽ ആരംഭിച്ച പണികൾ കരാർ പ്രകാരം 25-7-2003-ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും കരാറുകാരന്റെ ഉദാസീനത കാരണം ഇതേവരെ പതിനഞ്ചുശതമാനം പണികളേ പൂർത്തിയായിട്ടുള്ളൂ. 31-8-2004 വരെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിന് കരാറുകാരൻ അപേക്ഷിച്ചിരിക്കുകയാണ്. ടി കാലാവധിക്കുള്ളിൽ പാലത്തിന്റെ ശേഷിക്കുന്ന പണികൾ പൂർത്തിയാക്കാൻ കഴിയുകയില്ല. 2005 മെയ് 31-നകം പാലംപണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly